**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1221** **27-07-2021 - ൽ മറുപടിയ്ക്ക്**

**ദേശീയപണിമുടക്ക് ദിവസത്തെ ഡ്യൂട്ടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ഒരു കണ്ടക്ടറും ഡ്രൈവറും ഡ്യൂട്ടി ആരംഭിക്കുന്ന സൈൻഓൺ മുതൽ അവസാനിക്കുന്ന സൈൻഓഫ് വരെയുള്ള സമയം 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 13-ാം വകുപ്പ് പ്രകാരം ജോലി ആരംഭിച്ചതുമുതലുള്ള ഓരോ എട്ട് മണിക്കൂറും കണക്കാക്കി ഡ്യൂട്ടി തീരുമാനിക്കുന്ന രീതിയാണോ പിന്തുടർന്നുവരുന്നത്; വ്യക്തമാക്കുമോ; | (എ) | 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമത്തിലെ സെക്ഷൻ 2(f), (i), (ii), (iii) 2(K) സെക്ഷൻ 13, 16, 17 എന്നിവയിലെ വ്യവസ്ഥകൾക്ക് അനുസരിച്ചാണ് കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ചിട്ടുള്ളത്. 13-ാം വകുപ്പ് പ്രകാരം ആഴ്ചയിൽ 48 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലും പ്രത്യേക സാഹചര്യങ്ങളിൽ ആഴ്ചയിൽ 54 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലുമാണ് ഡ്യൂട്ടി ക്രമീകരിച്ചിരിക്കുന്നത്. |
| (ബി) | എങ്കിൽ 25.11.2020-ന് രാവിലെ 10.30-ന് തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ നിന്ന് മൂന്നാറിലേക്ക് പുറപ്പെട്ട് 27.11.2020-ന് വൈകുന്നേരം 5.00 മണിവരെ ഡ്യൂട്ടിയിലുണ്ടായിരുന്ന ക്രൂ അംഗങ്ങൾ ആകെ എത്ര മണിക്കൂർ ഡ്യൂട്ടിയിലുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിലെ 10:30 തിരുവനന്തപുരം – മൂന്നാർ സർവ്വീസിന് സാധാരണയായി ആകെ 17:20 മണിക്കൂർ സ്റ്റിയറിംഗ് സമയവും, 14:40 മണിക്കൂർ ഡ്യൂട്ടികൾക്കിടയിൽ ജീവനക്കാർക്ക് വിശ്രമവും ലഭിയ്ക്കുന്ന വിധത്തിൽ (ആകെ 32 മണിക്കൂർ) ആണ് ക്രമീകരിച്ചിട്ടുള്ളത്. ടി സർവ്വീസിന് 2 ഡ്യൂട്ടിയും വീക്കിലി ഓഫും അധിക സമയമായ 2:35 മണിക്കൂറിന് അധികവേതനവും നൽകി വരുന്നു. എന്നാൽ 26-11-2020-ൽ ദേശീയ പണിമുടക്കമായി ബന്ധപ്പെട്ട് വാഹനഗതാഗതം പൂർണ്ണമായും തടസ്സപ്പെട്ടതിനാൽ 25-11-2020-ന് ആരംഭിച്ച തിരുവനന്തപുരം – മൂന്നാർ സർവ്വീസിന് 26-11-2020-ന് ഷെഡ്യൂൾ സമയത്ത് തിരികെ തിരുവനന്തപുരത്ത് എത്തിച്ചേരുവാൻ കഴിയാത്ത സാഹചര്യം വന്നുചേർന്നിരുന്നു. ആയതിനാൽ പ്രസ്തുത സർവ്വീസിലെ ക്രൂ ജീവനക്കാർക്ക് 26-11-2020-ൽ മൂന്നാർ ഡിപ്പോയിൽ അധികമായി തങ്ങിയ ഒരു ദിവസത്തേയ്ക്ക് ഒരു ഡ്യൂട്ടികൂടി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ക്രൂ അംഗങ്ങൾ ആകെ 56 മണിക്കൂർ (രണ്ട് രാത്രിയും മൂന്ന് പകലും) ഡ്യൂട്ടിയിലായിരുന്നതിന് എട്ട് | (സി) | തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിലെ 10:30 തിരുവനന്തപുരം – മൂന്നാർ സർവ്വീസിന് |

| | | | |
|---|---|---|---|
| | മണിക്കൂർ കണക്കാക്കി എത്ര ഡ്യൂട്ടിക്കാണ് അർഹതപ്പെട്ടത്; ആയത് എപ്രകാരമെന്ന് വിശദമാക്കാമോ; | | സാധാരണയായി ആകെ 17:20 മണിക്കൂർ സ്റ്റിയറിംഗ് സമയവും, 14:40 മണിക്കൂർ ഡ്യൂട്ടികൾക്കിടയിൽ ജീവനക്കാർക്ക് വിശ്രമവും ലഭിയ്ക്കുന്ന വിധത്തിൽ (ആകെ 32 മണിക്കൂർ) ആണ് ക്രമീകരിച്ചിട്ടുള്ളത്. ടി സർവ്വീസിന് 2 ഡ്യൂട്ടിയും വീക്കിലി ഓഫും അധിക സമയമായ 2:35 മണിക്കൂറിന് അധികവേതനവും നൽകി വരുന്നു. എന്നാൽ 26-11-2020-ൽ ദേശീയ പണിമുടക്കുമായി ബന്ധപ്പെട്ട് വാഹനഗതാഗതം പൂർണ്ണമായും തടസ്സപ്പെട്ടതിനാൽ 25-11-2020-ന് ആരംഭിച്ച തിരുവനന്തപുരം – മൂന്നാർ സർവ്വീസിന് 26-11-2020-ന് ഷെഡ്യൂൾ സമയത്ത് തിരികെ തിരുവനന്തപുരത്ത് എത്തിച്ചേരുവാൻ കഴിയാത്ത സാഹചര്യം വന്നുചേർന്നിരുന്നു. ആയതിനാൽ പ്രസ്തുത സർവ്വീസിലെ ക്രൂ ജീവനക്കാർക്ക് 26-11-2020-ൽ മൂന്നാർ ഡിപ്പോയിൽ അധികമായി തങ്ങിയ ഒരു ദിവസത്തേയ്ക്ക് ഒരു ഡ്യൂട്ടികൂടി നൽകിയിട്ടുണ്ട്. |
| (ഡി) | ദേശീയ പണിമുടക്ക് ദിവസമായിരുന്ന 26.11.2020-ന് മൂന്നാറിൽ നിന്ന് തിരികെയുള്ള സർവ്വീസ് നടത്താതിരുന്നത് പ്രസ്തുത ക്രൂ മെമ്പേഴ്സിന്റെ കൃത്യവിലോപമാണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ 25.11.2020-ന് ആരംഭിച്ച ഡ്യൂട്ടിയിൽ 27.11.2020-ന് വൈകുന്നേരം 5.00 മണിവരെ തങ്ങളുടേതല്ലാത്ത കാരണത്താൽ തുടരേണ്ടിവന്ന പ്രസ്തുത ജീവനക്കാർക്ക് സൈൻഓൺ മുതൽ സൈൻഓഫ് വരെയുള്ള അർഹതപ്പെട്ട ഡ്യൂട്ടികൾ അനുവദിച്ച് ഉത്തരവാകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | കരുതുന്നില്ല. പ്രസ്തുത ജീവനക്കാർക്ക് അർഹമായ ഡ്യൂട്ടി അനുവദിച്ച് നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ